"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - അക്കാദമികം - നേഴ്സിംഗ് വിദ്യാഭ്യാസം - കോഴിക്കോട് മുക്കം അഗസ്ത്യാൻമുഴി ധർമ്മഗിരി സെന്റ് ജോസഫ്സ് ആശുപത്രിയോടനുബന്ധമായി 50 സീറ്റോടെ ബി.എസ്.സി നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള നിരാക്ഷേപ പത്രം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബ ക്ഷേമ (സി) വകുപ്പ്

സ.ഉ.(കൈ) നം.238/2024/H&FWD തീയതി,തിരുവനന്തപുരം, 24-09-2024

പരാമർശം:-
1. സ.ഉ (അ) നം.64/2012/ആ.കു.വ തീയതി 17.02.2012
2. ധർമഗിരി സെന്റ് ജോസഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ സമർപ്പിച്ച 28.11.2023 തീയതിയിലെ അപേക്ഷ.
3. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 28.03.2024 തീയതിയിലെ കത്തിനോടൊപ്പം ലഭ്യമാക്കിയ പരിശോധന റിപ്പോർട്ട്.
4. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടറുടെ 11.08.2024 തീയതിയിലെ കത്തിനോടൊപ്പം ലഭ്യമാക്കിയ പുനഃ പരിശോധന റിപ്പോർട്ട്

ഉത്തരവ്

കോഴിക്കോട് മുക്കം അഗസ്ത്യാൻമുഴിയിൽ പ്രവർത്തിക്കുന്ന ധർമ്മഗിരി സെന്റ് ജോസഫ്സ് ആശുപത്രിയോടനുബന്ധമായി 50 ബി.എസ്.സി നഴ്സിംഗ് സീറ്റോടെ സെന്റ് ജോസഫ്സ് കോളേജ് ഓഫ് നഴ്സിംഗ് എന്ന പേരിൽ പുതിയ നേഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിന് നിരാക്ഷേപ പത്രം ആവശ്യപ്പെട്ട് കോഴിക്കോട് ധർമഗിരി സെന്റ് ജോസഫ് ഹോസ്പിറ്റൽ അഡ്മിനിസ്ട്രേറ്റർ പരാമർശം (2) പ്രകാരം അപേക്ഷ സമർപ്പിച്ചിരുന്നു. മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ പരാമർശം (3) പ്രകാരം സമർപ്പിച്ച പരിശോധന റിപ്പോർട്ടിൽ ന്യൂനതകൾ കണ്ടെത്തുകയും തുടർന്ന് സർക്കാർ നിർദേശ പ്രകാരം പുനഃപരിശോധന നടത്തി സൂചന (4) പ്രകാരം സമർപ്പിച്ച പുനഃപരിശോധന റിപ്പോർട്ടിൽ 50 സീറ്റുകളോടെ നഴ്സിംഗ് കോളേജ് ആരംഭിക്കുന്നതിനുള്ള ഭൗതിക/ക്ലിനിക്കൽ സൗകര്യങ്ങൾ സ്ഥാപനത്തിൽ ലഭ്യമാണെന്ന് മെഡിക്കൽ വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുമുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് മുക്കം അഗസ്ത്യാൻമുഴിയിൽ പ്രവർത്തിക്കുന്ന ധർമ്മഗിരി സെന്റ് ജോസഫ്സ് ആശുപത്രിയോടനുബന്ധമായി സെന്റ് ജോസഫ്സ് കോളേജ് ഓഫ് നേഴ്സിംഗ് എന്ന പേരിൽ ബി.എസ്.സി. നേഴ്സിംഗ് പഠന വിഷയമായി ആരംഭിക്കുന്ന പുതിയ നേഴ്സിംഗ് കോളേജിന് വിദ്യാർത്ഥി പ്രവേശന ശേഷി 50 ആയി നിജപ്പെടുത്തി ചുവടെപ്പറയുന്ന നിബന്ധനകളോടെ നിരാക്ഷേപ പത്രം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നു.

എ) ബി.എസ്.സി. നേഴ്സിംഗ് കരിക്കുലം, നേഴ്സിംഗ് കോളേജിന് ഉണ്ടായിരിക്കേണ്ട നിലവാരം

സംബന്ധിച്ച് കാലാകാലങ്ങളിൽ ഇന്ത്യൻ നേഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന റഗുലേഷനുകൾ നിർബന്ധമായും പാലിക്കാൻ സ്ഥാപനം ബാധ്യസ്ഥമാണ്.

ബി) പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ, നഴ്സിംഗ് കോളേജുകളുടെ അംഗീകാരം സംബന്ധിച്ച് കാലാകാലങ്ങളിൽ സർക്കാർ/സംസ്ഥാന നഴ്സിംഗ് കൗൺസിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങൾ/ഉത്തരവുകൾ/റഗുലേഷനുകൾ എന്നിവ സ്ഥാപനം കൃത്യമായും പാലിക്കേണ്ടതാണ്.

ഡി) പരാമർശം (1) സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരം കേരള സംസ്ഥാന നഴ്സിംഗ് കൗൺസിൽ അംഗീകാരം, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ അനുയോജ്യത പത്രം (Indian Nursing Council Suitability Certificate), കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല അഫിലിയേഷൻ, സംസ്ഥാന സർക്കാർ നൽകുന്ന Letter of Permission എന്നിവ കോഴ്സ് ആരംഭിക്കുന്നതിന് മുൻപ് നേടേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ചിത്ര കെ ദിവാകരൻ
ജോയിന്റ് സെക്രട്ടറി

രജിസ്ട്രാർ, കേരള നഴ്സസ് & മിഡ്വൈവ്സ് കൗൺസിൽ, തിരുവനന്തപുരം.
രജിസ്ട്രാർ, കേരള ആരോഗ്യ ശാസ്ത്ര സർവകലാശാല, തൃശ്ശൂർ.
അഡ്മിനിസ്ട്രേറ്റർ, ധർമഗിരി സെന്റ് ജോസഫ് ഹോസ്പിറ്റൽ, അഗസ്ത്യാൻമുഴി, മുക്കം, കോഴിക്കോട് 673 602.
സെക്രട്ടറി, ഇന്ത്യൻ നഴ്സിംഗ് കൗൺസിൽ, 8-ാം നില, എൻ.ബി.സി.സി സെന്റർ, പ്ലോട്ട് നം.2, കമ്മ്യൂണിറ്റി സെന്റർ, ഓഖ്ല ഫേസ്-1, ന്യൂഡൽഹി- 110020.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം.
വിവര പൊതുജനസമ്പർക്ക വകുപ്പ് (വെബ് & ന്യൂ മീഡിയ)
കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം
Signed by
Prijith. G
Date: 25-09-2024 10:38:54
സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു.ആരോഗ്യവും വനിതാ ശിശു വികസനവും വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിയ്ക്ക്.